മാധ്യമം ● ഞായർ ● 19 നവംബർ 2017 ● ലക്കം 1538

വാരാദ്യ മാധ്യമം

varadyam@madhyamam.in

അർബുദകാലത്തെ പ്രണയം 04

ഉന്നത വിദ്യാഭ്യാസം നേടിയ ഒരു യുവാവ് ആക്രിക്കച്ചവടത്തിന് ഇറങ്ങുകയോ? ഇങ്ങനെ അത്ഭുതം കുറിയവരും കളിയാക്കിയവരും ഇന്ന് ഈ ചെറുപ്പക്കാരൻെറ വാക്കുകൾക്ക് കാതോർക്കുകയാണ്. സർക്കാറുകൾ കോടികൾ മുടക്കി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കി പരാജയപ്പെടുമ്പോഴാണ് ആക്രിക്കച്ചവടത്തിലൂടെ മാലിന്യ സംസ്കരണത്തിൻെറ വേറിട്ട മാതൃക ജാബിർ അവതരിപ്പിക്കുന്നത്

1 സംസ്കരണ പാത്രത്തിലേക്ക് മാലിന്യം നിക്ഷേപിക്കുന്നു

2 നിക്ഷേപിച്ച മാലിന്യത്തിന് മുകളിലേക്ക് പൗഡർ ഇടുന്നു

3 സംസ്കരണ പാത്രം അടപ്പിട്ട് മൂടുന്നു

പച്ചപ്പുഴുക്കൾ

തൻവീർ അഹ്മദ്

ആക്രി എന്ന വാക്കിന് മനോഹരമായ അർഥം കണ്ടെത്തുകയാണ് ഈ ചെറുപ്പക്കാരൻ. റോഡരികിലും ഇടവഴിയിലും കുപ്പത്തൊട്ടിയിലും അലക്ഷ്യമായി കിടക്കുന്ന ആക്രിക്കൂട്ടങ്ങളിൽനിന്ന് നേട്ടങ്ങൾ ഓരോന്നായി പെറുക്കിയെടുക്കുകയാണ് ഡൽഹി സർവകലാശാലയിൽനിന്ന് ബിരുദാനന്തരബിരുദം നേടിയ കോഴിക്കോട് പുതുപ്പാടി സ്വദേശി ജാബിർ കാരട്ട്. ആക്രിക്കച്ചവടത്തിന് തിരിഞ്ഞപ്പോൾ നിരവധിപേർ വട്ടെന്ന് മുദ്ര കുത്തിയിരുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ ഒരാൾ ആക്രിക്കച്ചവടത്തിന് ഇറങ്ങിയത് ആർക്കും ഉൾക്കൊള്ളാനായില്ല. എന്നാൽ, അന്ന് കളിയാക്കിയവർ ഇന്ന് ജാബിറിൻെറ വാക്കുകൾക്ക് കാതോർക്കുകയാണ്. സർക്കാറുകൾ കോടികൾ മുടക്കി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി പരജയപ്പെടുമ്പോഴാണ് ആക്രിക്കച്ചവടത്തിലൂടെ മാലിന്യ സംസ്കരണത്തിൻെറ വിജയ മാതൃക കാട്ടി ജാബിർ വേറിട്ട് നിൽക്കുന്നത്.

ജാബിർ ഗ്രീൻ വേംസിൻെറ കോഴിക്കാട് നടക്കാവിലുള്ള പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ

പച്ചപ്പുഴുക്കൾ

നാടിനെ വൃത്തി പഠിപ്പിക്കുക എന്ന ലക്ഷ്യത്തിൽ ഗ്രീൻവേംസ് (പച്ചപ്പുഴുക്കൾ) എന്ന സംഘടന രൂപവത്കരിക്കുകയായിരുന്നു ജാബിർ ആദ്യം ചെയ്തത്. മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഏറ്റെടുത്ത് വിജയിപ്പിക്കാം എന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. യൂനിവേഴ്സിറ്റി പഠനത്തിനുശേഷം കൈവല്യ ഫൗണ്ടേഷൻെറ ഗാന്ധി ഫെലോഷിപ് ലഭിച്ച ജാബിറിന് മുംബൈ തെരുവുകളിൽ പ്രവർത്തിക്കാൻ അവസരം കിട്ടിയതോടെ അദ്ദേഹത്തിൻെറ കാഴ്ചപ്പാടുകളൊന്നാകെ മാറി. 2014ൽ ജാബിർ തുടങ്ങിയ സംരംഭത്തിന് സമാനമനസ്കരായ ചില കൂട്ടുകാരായിരുന്നു പിന്തുണ. എന്നാൽ, സാമ്പത്തികമായ ചില തിരിച്ചടികൾ അവരിൽ മിക്കവരെയും പിറകോട്ട് വലിച്ചു. എങ്കിലും കിതപ്പ് തെല്ലുമില്ലാതെ മുന്നോട്ടുപോകുവാൻ അദ്ദേഹത്തിന് പ്രേരണയാകുന്നത് തളരാത്ത നിശ്ചയദാർഢ്യം തന്നെയാണ്. നിലവിൽ കോഴിക്കോട് കോർപറേഷൻ വേസ്റ്റ് മാനേജ്മെൻറ് പ്ലാനിങ് കമ്മിറ്റി അംഗമായ ജാബിർ കാരാട്ട് ആകാശവാണിയുടെയും സംസ്ഥാന ശുചിത്വ മിഷൻെറയും റിസോഴ്സ് പേഴ്സൻ കൂടിയാണ്. സർക്കാർ കോൺട്രാക്ടർമാർക്ക് റോഡ് ടാറിങ്ങിനുവേണ്ടി പുനരുപയോഗം സാധ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ വിതരണം ചെയ്യുന്ന വടക്കൻകേരളത്തിലെ ഒരേയൊരു സ്ഥാപനത്തിൻെറ അമരക്കാരനാണ് ജാബിർ. കേരളത്തിൽ മൂന്നുപേർക്ക് മാത്രമാണ് ഈ അനുമതി ലഭിച്ചിട്ടുള്ളത്. സ്വച്ഛ്ഭാരതിൻെറ അഭിനന്ദനം നേടി ന്യൂസ് ലെറ്ററിൽ ഫീച്ചർ ചെയ്തിട്ടുള്ള കേരളത്തിലെ ഏക സംരംഭവും, കേരളാ ഗവൺമെൻറിൻെറ എല്ലാ പൊതുപരിപാടികളിലും നേരിട്ട് മാലിന്യനിർമാർജനം നടത്തുന്നതിനുള്ള ലൈസൻസ് നേടിയിട്ടുള്ള ഏജൻസിയും ജാബിറിൻെറ ഈ 'പച്ചപ്പുഴുക്കൾ' തന്നെയാണ്. മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിൻെറ പൂർണ ഉത്തരവാദിത്തം ഗ്രീൻവേംസിനാണ്. കൂടാതെ പുതുപ്പാടി, ഒളവണ്ണ എന്നീ ഗ്രാമപഞ്ചായത്തുകൾ കൊയിലാണ്ടി, ഫറോക്ക് മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലും പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

മാലിന്യ സംസ്കരണത്തെ പൂർണമായും ഒരു കച്ചവടക്കണ്ണോട് കൂടി സമീപിച്ചില്ലായെങ്കിൽ ആ സംരംഭത്തെ വിജയിപ്പിച്ചെടുക്കാൻ സാധിക്കില്ല എന്നതാണ് ജാബിറിൻെറ നിലപാടും അനുഭവവും. മാലിന്യം സീകരിക്കുന്നതിലൂടെ ലാഭവിഹിതം രണ്ടിടങ്ങളിൽനിന്നായി കണ്ടെത്തുന്നു. ഒന്ന് മാലിന്യനിർമാതാവിൽനിന്നും മറ്റൊന്ന് ശേഖരിക്കുന്ന മലിനവസ്തുക്കളിൽനിന്നും. ഇപ്പോൾ കോഴിക്കോട് നഗരത്തിൽ ഏകദേശം 42ഓളം അപ്പാർട്ട്മെൻറുകളിലെ മാലിന്യശേഖരണവും നിർമാർജനവും ജാബിറിൻെറ നേതൃത്വത്തിൽ നടന്നുവരുന്നു. ഇവിടെയുള്ള 100ഓളം വീടുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള ഉപകരണങ്ങൾ അതത് അപ്പാർട്ട്മെൻറുകളിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നഗരത്തിലെ ഒട്ടുമിക്ക ഹോട്ടലുകൾ, റസ്റ്റാറൻറുകൾ, പ്രധാന ഷോപ്പിങ് മാളുകൾ, വില്ലകൾ, 82ഓളം റെസിഡൻറ്സ് അസോസിയേഷനുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങളുടെ ഉത്തരവാദിത്തം ഇദ്ദേഹത്തിനു തന്നെ. ഇവിടങ്ങളിൽനിന്നും അതത് സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾക്കും മാസത്തിൽ ഒരു നിശ്ചിത ഫീസ് ഈടാക്കുന്നു, അതോടൊപ്പം 'ഞങ്ങൾ ഒരിക്കലും നിങ്ങളുടെ മാലിന്യങ്ങൾ കത്തിക്കുകയോ, കുഴിച്ചുമൂടുകയോ, വലിച്ചെറിയുകയോ ഇല്ലെന്ന' ശക്തമായ ഒരുറപ്പ് തിരിച്ചുനൽകുന്നു. സുസ്ഥിരവും ഉത്തരവാദിത്തപൂർണവുമായ മാലിന്യ സംസ്കരണമാണ് ഗ്രീൻവേംസിൻെറ ആപ്തവാക്യം.

സംസ്കരിക്കാം വീട്ടിൽ തന്നെ

ഗാർഹിക മാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉപദേശങ്ങളും ഗ്രീൻവേംസ് ചെയ്യുന്നുണ്ട്. പഴങ്ങൾ, പച്ചക്കറികൾ, മറ്റു ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ എല്ലാവർക്കും എളുപ്പത്തിൽ സംസ്കരിക്കാവുന്നതാണ്. സ്ഥലപരിമിതിയുള്ളവർക്ക് പി.വി.സി പൈപ്പുകൾ, ടെറാകോട്ട പാത്രങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി സംസ്കരിക്കാനുള്ള സൗകര്യം ഒരുക്കിനൽകുന്നു. ഇത്തരത്തിൽ ചിലത് പരീക്ഷിച്ച് ദുർഗന്ധം കാരണം ആ ശ്രമങ്ങൾ ഉപേക്ഷിച്ചവരാവും പലരും. അതുപോലെ തന്നെ ഇവയിൽ നിന്നും ഉദ്ദേശിച്ച വേഗതയിൽ കമ്പോസ്റ്റ് ലഭ്യമാകാത്തതും ചിലരെ നിരാശരാക്കുന്നു. എന്നാൽ ഈ പ്രക്രിയ വേഗത്തിലാക്കുവാനുള്ള പൗഡറുകൾ, സൂക്ഷ്മജീവികൾ, കൃത്രിമ മൈക്രോബുകൾ പോലുള്ള വസ്തുക്കൾ വളരെ ചുരുങ്ങിയ ചെലവിൽ വിതരണം ചെയ്തും സഹായിക്കുന്നു.

വീട്ടിൽ സംസ്കരണ സംവിധാനത്തിന് 800 രൂപ മുതലുള്ള കമ്പോസ്റ്റ് ഉപകരണങ്ങൾ ലഭ്യമാണ്. ഇവ ടെറാകോട്ട അല്ലെങ്കിൽ പ്ലാസ്റ്റിക് കൊണ്ടുള്ള പാത്രങ്ങളാണ്. ഇനി ഇതിൻെറ പ്രവർത്തന ചെലവ് പൗഡർ വാങ്ങുന്നതിന് മാത്രമാണ്. അതിനുപകരം വീട്ടിൽ തന്നെയുള്ള പുളിച്ച തൈരോ ചാണകവെള്ളമോ ഉപയോഗിക്കാവുന്നതാണ്. മറ്റൊരു ഉപകരണങ്ങളും ഇല്ലാതെ മാലിന്യത്തിനു മുകളിൽ ഈ പൗഡർ വിതറുകയാണെങ്കിൽതന്നെ ദുർഗന്ധമൊന്നും ഇല്ലാത്ത കമ്പോസ്റ്റ് ഉണ്ടാക്കിയെടുക്കാൻ പറ്റും. ഇതിനായി 150 രൂപ വിലയുള്ള 10 കിലോയുടെ പൗഡർ കിറ്റ് ലഭ്യമാണ്. ആളുകൾക്ക് ഇവക്കുവേണ്ട നിർദേശങ്ങൾ ഫോൺ വഴിയും അല്ലാതെയും ഗ്രീൻവേംസ് നൽകാറുണ്ട്.

വീട്ടുകാർ വലിച്ചെറിയുന്ന എല്ലാതരം പ്ലാസ്റ്റിക് കവറുകളും മറ്റൊരു ഉൽപന്നമാക്കി മാറ്റി വീണ്ടും ഉപയോഗിക്കുവാൻ സാധിക്കും. പക്ഷേ, അത് കൃത്യമായി വേർതിരിക്കണമെന്നു മാത്രം. ഓരോ വീടുകളിലും നടന്ന് ഇത്തരം മാലിന്യങ്ങൾ ഗ്രീൻവേംസ് ശേഖരിക്കുന്നുണ്ട്. കൂടാതെ റെസിഡൻറ്സ് അസോസിയേഷനുകൾ, അപ്പാർട്ട്മെൻറുകൾ എന്നിവിടങ്ങളിലും കലക്ഷൻസ് ഉണ്ട്. പറയുന്ന രീതിയിൽ തരംതിരിച്ച്, വൃത്തിയായി ആ മാലിന്യങ്ങൾ സൂക്ഷിക്കുവാൻ നിങ്ങൾ തയാറാണെങ്കിൽ അവ ഗ്രീൻവേംസ് സ്വീകരിക്കും. കൊണ്ടുപോകുന്നതിനും വേർതിരിക്കുന്നതിനും വേണ്ടിയുള്ള ചെലവിന് ചെറിയൊരു ഫീസ് ഈടാക്കും. പ്രകൃതി സൗഹൃദ വിവാഹ സൽക്കാരങ്ങൾ, എക്സിബിഷനുകൾ, കോൺഫറൻസുകൾ തുടങ്ങിയ പരിപാടികൾ ഗ്രീൻവേംസ് ഏറ്റെടുത്ത് നടത്താറുണ്ട്. കോഴിക്കോട് ബീച്ചിൽ നടക്കുന്ന മിക്ക പരിപാടികളുടെയും മാലിന്യ സംസ്കരണം ഏറ്റെടുക്കുന്നു.

ആക്രിക്കച്ചവടക്കാരുടെ സംഘടന

ഈ മേഖലയിൽ വിജയിച്ചതോടെ എൻെറ പല സുഹൃത്തുക്കളും ഇതിലേക്ക് കടന്നുവന്നിട്ടുണ്ട്. ഇപ്പോൾ പുതുപ്പാടിയിൽ പ്രോജക്ട് ഏറ്റെടുത്ത് നടത്തുന്നത് വിദ്യാസമ്പന്നരായ രണ്ട് കൂട്ടുകാരാണ്. അയാൾ ചെയ്യുന്നെങ്കിൽ പിന്നെ എനിക്കും ഒരു കൈ നോക്കാലോ എന്ന മനോഭാവത്തിൽ കുറെപേർ മുന്നോട്ട് വന്നിട്ടുണ്ട്. അത് വളരെ സന്തോഷം നൽകുന്നുണ്ട്. ഒരു സംഘടന രൂപവത്കരിക്കാനുള്ള ആലോചനയിലാണ്. കേരളത്തിലെ ആക്രിക്കച്ചവടക്കാരുടെ ഒരു സംഘടന, 'സ്ക്രാപ് മാനേജേഴ്സ് അസോസിയേഷൻ' എന്ന പേരിൽ. മറ്റെല്ലാ തൊഴിലുകളെയും പോലെ ഇതും അംഗീകരിക്കപ്പെടേണ്ടതും ബഹുമാനിക്കപ്പെടേണ്ടതുമായ ഒരു തൊഴിലാണെന്നും ഞങ്ങളാണ് യഥാർഥ പരിസ്ഥിതി വാദികളെന്നുമുള്ള കാഴ്ചപ്പാടിലേക്ക് ആക്രിക്കച്ചവടക്കാരെ എത്തിക്കുക എന്നതാണ് ജാബിറിൻെറ അടുത്ത ലക്ഷ്യം. കോഴിക്കോട് കുടുംബശ്രീയുടെ മാലിന്യശേഖരണം തുടങ്ങിയ സമയത്ത് 700ഓളം തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ, ഇന്നത് 300 പേരോ മറ്റോ ആണ്. ഈ തൊഴിൽ ബഹുമാനിക്കപ്പെടേണ്ടതാണെന്നോ അല്ലെങ്കിൽ മറ്റെല്ലാ ജോലികളെ പോലെയുള്ള ഒന്നാണെന്നോ ഉള്ള ധാരണ പൊതുസമൂഹത്തിൽ ഇല്ലാത്തതാണ് ഇതിന് കാരണമെന്നും ജാബിർ പറയുന്നു. ●

ജാബിറിൻെറ ടെറാകോട്ട കംപോസ്റ്റിങ് ഉപകരണങ്ങൾ ● ചിത്രം: ഷംസീർ സി.കെ

കല

മൂർച്ചയേറിയ വർണങ്ങൾ

ആർ.കെ. പൊറ്റശ്ശേരി

ഗ്രാനൈറ്റ് പ്രതലത്തിൽ ആവിഷ്കരിച്ച ചിത്രങ്ങളിലൂടെ ആർ.കെ കലാസ്വാദക മനസ്സുകളെ ആശ്ചര്യഭരിതമാക്കുന്നുണ്ട്. മൂർച്ചയേറിയ ഗ്രാനൈറ്റിലെ കറുത്ത പ്രതലങ്ങളിൽ നൂൽകനത്തിലാണ് മനോഹരമായി ചിത്രം കൊത്തിയെടുക്കുന്നത്

ഉണ്ണിച്ചേക്കു ചേന്ദമംഗലൂർ

ചിത്രകാരൻ ലോകത്തിലെ വിസ്മയങ്ങളാണ്. വാക്കുകൾക്കതീതമായ നിറക്കൂട്ടുകളുടെ ദൃശ്യ മനോഹാരിതയിലൂടെ പുതിയ ലോകത്തേക്ക് കലാ ആസ്വാദകരെ അടുപ്പിക്കുന്നു. ആർ.കെ. പൊറ്റശ്ശേരിയെന്ന തൂലിക നാമത്തിൽ പ്രസിദ്ധനായ രാധാകൃഷ്ണൻ മാസ്റ്റർ തൻെറ അമൂല്യമായചിത്ര, ശിൽപകലകളെ ചിറകിലേറ്റി പുതിയ സങ്കേതങ്ങൾ തേടിയുള്ള യാത്ര തുടരുകയാണ്.

പരുക്കനായ ഗ്രാനൈറ്റ് പ്രതലത്തിൽ ആവിഷ്കരിച്ച ചിത്രങ്ങളിലൂടെ ആർ.കെ കലാസ്വാദക മനസ്സുകളെ ആശ്ചര്യഭരിതമാക്കുന്നുണ്ട്. മൂർച്ചയേറിയ ഗ്രാനൈറ്റിലെ കറുത്ത പ്രതലങ്ങളിൽ നൂൽകനത്തിലാണ് മനോഹരമായി ചിത്രം കൊത്തിയെടുക്കുന്നത്. മഹാത്മ ഗാന്ധി, ശ്രീനാരായണ ഗുരു, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, സ്വാമി വിവേകാനന്ദൻ, ഇന്ദിരഗാന്ധി, ഇ.എം.എസ് നമ്പൂതിരിപ്പാട്, സി.എച്ച്. മുഹമ്മദ് കോയ, എസ്.കെ. പൊറ്റെക്കാട്ട്, കെ.പി. കേശവമേനോൻ, വൈക്കം മുഹമ്മദ് ബഷീർ, മദർ തെരേസ തുടങ്ങിയവരുടെ ചിത്രങ്ങൾ ഗ്രാനൈറ്റിൻെറ ശീതളഛായയിൽ പുനർജനിയാക്കിയത്. ആർ.കെയുടെ ജന്മനാടായ പൊറ്റശ്ശേരിയിലാണ് കേരളത്തിൻെറ വീരപുത്രൻ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിൻെറ ഛായാചിത്രം അദ്ദേഹം മരിച്ചുവീണ മണ്ണിൽ സ്ഥാപിച്ചത്. എസ്.കെ. പൊറ്റെക്കാട്ടിൻെറ ഗ്രാനൈറ്റ് ചിത്രം മുക്കത്ത് എസ്.കെയുടെ പാർക്കിലും സ്ഥാപിച്ചിട്ടുണ്ട്. പാത്തുമ്മയുടെ ആടും മുഹമ്മദ് ബഷീറും വൈക്കം മുഹമ്മദ് ബഷീറിൻെറ മ്യൂസിയത്തിലും ഉണ്ട്.

വിധേയൻ എന്ന ടെറാക്കോട്ട ശിൽപമാണ് കരവിരുതിൽ സവിശേഷമായത്. കളിമണ്ണിൽ ശിൽപങ്ങൾ നിർമിച്ച് ചുട്ടെടുക്കുന്ന രീതിയാണ് ടെറാക്കോട്ട. കൈകളിൽ കൈക്കോട്ട് പിടിച്ച് വയലിൽ നിൽക്കുന്ന കർഷകനാണ് ടെറാക്കോട്ടയിൽ ദൃശ്യവത്കരിച്ചത്. കർഷക ജീവിതത്തിലേക്ക് ആഴത്തിൽ ഇറങ്ങി ചെല്ലുന്നതാണ് ഈ ചിത്രം. ഭൂമിയിൽ സംഭവിക്കുന്ന സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും കാലാവസ്ഥപരവും ആയ മാറ്റങ്ങൾക്ക് ഇരയാകുന്നത് കർഷകൻ മാത്രമാണെന്ന് തൻെറ ചിത്രത്തിലൂടെ ആർ.കെ പറയുന്നു.

ചുമരിൽ തീർത്ത കേരള കലകളുടെ രൂപങ്ങൾ

ചാർക്കോളിൽ തീർത്ത കുടിവെള്ളമെന്ന ചിത്രം

കളിമണ്ണിൽ തീർത്ത ടെറാക്കോട്ട ശിൽപങ്ങൾ

വാടിക്കരിഞ്ഞ തൻെറ കൃഷിയിലൂടെ കർഷകനനുഭവിക്കുന്ന നിരാശകളുടെ നിഴലുകൾ തെളിയുമ്പോൾ ഒത്തിരി പ്രത്യാശയും തൊട്ട് പിറകിലുണ്ടെന്ന് ശിൽപം പറയുന്നുണ്ട്. വിധേയൻ എന്ന ടെറാക്കോട്ട ശിൽപത്തിനാണ് 2006ൽ ആർ.കെക്ക് കേരള ലളിതകല അക്കാദമി അവാർഡ് ലഭിച്ചത്. വെള്ളപ്പൊക്കം എന്ന കളിമണ്ണ് ശിൽപവുമുണ്ട്. വെള്ളപ്പൊക്കത്തിൽ സാമഗ്രികൾ തലച്ചുമടുമായി വീടൊഴിഞ്ഞ് പോകുന്ന സങ്കടക്കാഴ്ചകൾ വിവരിക്കുകയാണ് ചിത്രത്തിലൂടെ ചെയ്യുന്നത്. മതമൈത്രിയും സൗഹാർദവും വിളിച്ചോതുന്ന സ്നേഹ ശിൽപവും ശ്രദ്ധേയമാണ്. മഹാവിഷ്ണുവിൻെറ വാഹനമായ ഗരുഡൻെറ ഭീമൻ ശിൽപവും മറ്റൊരു കലാസൃഷ്ടിയാണ്.

വീടിൻെറ ചുറ്റുമതിലുകളിൽ ശിൽപം ഒരുക്കുന്ന പരീക്ഷണവും വിജയത്തിലേക്ക് നീങ്ങി. ചാർക്കോൾ കൊണ്ട് ഒരുക്കിയ ചിത്രങ്ങളുമുണ്ട്. പ്രകൃതിയോടുള്ള സ്നേഹവും ദേശ സ്നേഹവും ഊട്ടിയുറപ്പിക്കുന്ന ചിത്രങ്ങളുമുണ്ട്. ഏറ്റവും ഒടുവിൽ ചാർക്കോൾ സംവിധാനത്തിൽ വരച്ച ചിത്രമാണ് കുടിവെള്ളം. കുടിവെള്ളത്തിന് മനുഷ്യൻ നെട്ടോട്ടമോടുന്നു. തിരുവനന്തപുരം ആർ.സി.സിയിൽ ആർ.കെ ചികിത്സയിലായിരിക്കെ 15 ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചത് വാർത്തപ്രാധാന്യം നേടിയിരുന്നു. കാൻസർ രോഗികളുടെ മാനസിക വിനോദവും സന്തോഷവും കളിയാടുന്ന ചിത്രങ്ങളുമായാണ് ആർ.കെ വരയിലൂടെ വിസ്മയ കാഴ്ചയൊരുക്കിയത്. ചിത്രകലയിലും ശിൽപകലയിലും മൂന്നര പതിറ്റാണ്ട് പിന്നിടുമ്പോഴും സിനിമാരംഗത്തും അർ.കെ നിറസാന്നിധ്യമായിരുന്നു.

കഥ പറയുന്ന മുക്കം എന്ന ഡോക്യുമെൻററിയുടെ തിരക്കഥയും ഗ്രെയ്സ് പാലിയേറ്റിവിന് വേണ്ടി സാമ പർവ്വ എന്ന ഡോക്യുഫിഷൻെറ തിരക്കഥയും സംവിധാനവും നിർവഹിച്ചത് അദ്ദേഹമായിരുന്നു. കോഴിക്കോട് ജെ.ഡി.ടി ഇസ്ലാം ഹൈസ്കൂളിൽ ചിത്രകലാധ്യാപകനായിരിക്കെയാണ് 2010-11 ൽ ദേശീയ അധ്യാപക അവാർഡ് ആർ.കെയെ തേടിയെത്തിയത്. ആരോഗ്യപരമായ പ്രതിസന്ധിക്ക് മുന്നിലും പതറാതെ ആർ.കെയുടെ മനസ്സ് ഇപ്പോഴും കലാലോകത്ത് സർഗവസന്തം വിടർത്തിക്കൊണ്ട് ജൈത്രയാത്ര തുടരുകയാണ്.

പഴയകാല കോൺഗ്രസ് പ്രവർത്തകനായിരുന്ന പൊറ്റശ്ശേരിയിലെ പരേതനായ കോപ്പുണ്ണി മാസ്റ്റർ-പെണ്ണുട്ടി ദമ്പതികളുടെ നാല് മക്കളിൽ രണ്ടാമനാണ് ആർ.കെയെന്ന രാധാകൃഷ്ണൻ. ഭാര്യ: ജനനി. മക്കൾ: അരുൺ, ആരതി. ●

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.
whatsapp: 9645006105, e-mail: varadyam@madhyamam.in
തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്.പി.ഒ. കോഴിക്കോട് -12

കത്തുകൾ

വിഭവസമൃദ്ധമായി വാരാദ്യം

കഴിഞ്ഞ ലക്കം വാരാദ്യ മാധ്യമം വിഭവസമൃദ്ധമായി. കവി സച്ചിദാനന്ദനുമായുള്ള അഭിമുഖം (അവർക്ക് കണ്ണിലെ കരടാണ് ഞാൻ), വി.കെ.എസ് പാടുകയാണ്, അക്ഷരപ്പൂക്കളുടെ അത്തർമണം എന്നീ ലേഖനങ്ങൾ വിജ്ഞാനപ്രദമായി. അതിഭാവുകത്വമില്ലാതെ ഒതുക്കത്തോടെയും കൈയടക്കത്തോടെയും നജീബ് മൂടാടി എഴുതിയ കഥ 'പെയ്തൊഴിയാതെ' ഒരു നൊമ്പരമായി. കഥാകാരന് ഇനിയും ഒരു പാട് നല്ല കഥകൾ എഴുതാനാവട്ടെ എന്നാശംസിക്കുന്നു. ആർ. ശ്രീലതാവർമ എഴുതിയ നോക്കുമ്പോൾ എന്ന കവിതയും ഹൃദ്യമായി.
ഫൈസൽ ടി.എ. കുറുവങ്ങാട്, കൊയിലാണ്ടി

പെയ്തൊഴിയാത്ത നൊമ്പരം

നജീബ് മൂടാടിയുടെ 'പെയ്തൊഴിയാതെ' എന്ന കഥ മനസ്സിൽ ഒരു നൊമ്പരമായി പെയ്തിറങ്ങി. മനോഹരമായി അദ്ദേഹത്തിൻെറ കഥ
റിയാസ്മോൻ

മികച്ച വായനാനുഭവം

1537 ലക്കം വാരാദ്യ മാധ്യമത്തിൽ വന്ന കവി സച്ചിദാനന്ദനുമായുള്ള അഭിമുഖം മികച്ചതായിരുന്നു. നജീബ് മൂടാടിയുടെ 'പെയ്തൊഴിയാതെ' എന്ന കഥയും ഹൃദയസ്പർശിയായിരുന്നു. ഞായറാഴ്ചകളിൽ മികച്ച വായനാനുഭവങ്ങൾ സമ്മാനിക്കുന്നു വാരാദ്യ മാധ്യമം. ഭാവുകങ്ങൾ.
ഡോ. ടി.ഇ. ഫാത്തിമ തസ്‌ലിമ

അടിച്ചമർത്തപ്പെട്ടവരുടെ നായകൻ

എന്നും അടിച്ചമർത്തപ്പെട്ടവർക്ക് വേണ്ടി തൻെറ തൂലിക ചലിപ്പിച്ച കവി സച്ചിദാനന്ദനുമായുള്ള അഭിമുഖം വായിച്ചു ഇന്നത്തെ സമകാലിക ഇന്ത്യയെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഫാഷിസ്റ്റ് ചിന്താഗതിക്കെതിരെ ഉറച്ച നിലപാടുകൾ സൂക്ഷിക്കുന്ന എഴുത്തുകാരന് അർഹമായ അംഗീകാരംതന്നെ തേടിയെത്തി. കവിക്കും വാരാദ്യമാധ്യമത്തിനും അഭിനന്ദനങ്ങൾ.
ടി.പി. ഫൈസൽ, അഞ്ചച്ചവിടി

അവസരോചിതമായ ലേഖനം

സോഫിയ എന്ന യന്ത്രമനുഷ്യനെക്കുറിച്ച് മുഹമ്മദ് സുഹൈബിൻെറ മനുഷ്യത്വം യന്ത്രമേറുമ്പോൾ എന്ന ലേഖനം (ലക്കം1536) അവസരോചിതമായി. നാളിതുവരെ നിർമിച്ചതിൽ ഏറ്റവും നിലവാരം പുലർത്തുന്നതെന്ന് അവകാശപ്പെടുന്ന സോഫിയക്ക് സൗദി അറേബ്യ പൗരത്വം നൽകി ആദരിച്ച വാർത്ത ദിവസങ്ങൾക്ക് മുമ്പ് വായിച്ചപ്പോൾ ആ നാടിൻെറ ഉയർന്ന ദീർഘദൃഷ്ടിയെക്കുറിച്ചും വിവര സാങ്കേതികരംഗത്തെ ചിന്താവികാസത്തെക്കുറിച്ചും മതിപ്പ് തോന്നി.
സി. സെയ്തലവി, പറമ്പിൽ പീടിക

കുഞ്ഞി

സ്വപ്നം പോലെ കടന്നുപോയ ഒരാൾ തന്നെയായിരുന്നു കുഞ്ഞിക്ക. ശരിയാണ് സുധീഷ്,(ലക്കം 1536) സ്മാരകശിലകളും മരുന്നുമൊക്കെ തീർത്തതീ കുഞ്ഞബ്ദുള്ള തന്നെയാണോ എന്ന് നമ്മൾ വിസ്മയപ്പെട്ടുപോകും. ഇത്രയും നിഷ്കളങ്കനായ മനുഷ്യൻ സാഹിത്യത്തിൽ നമുക്ക് വേറെയില്ല.
സമദ് പനയപ്പള്ളി, കുത്തിയതോട്

യാത്രാനുഭവ രചനാമത്സരം

തനിമ കലാസാഹിത്യവേദി സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന യാത്രാനുഭവ രചനാമത്സരത്തിലേക്ക് രചനകൾ ക്ഷണിക്കുന്നു. പ്രസിദ്ധീകരിച്ചതോ അല്ലാത്തതോ ആയ ഒരു രചനയാണ് അയക്കേണ്ടത്. ടൈപ് ചെയ്തതാണെങ്കിൽ അഞ്ചും എഴുതിയതെങ്കിൽ പത്തും എ. ഫോർ പേജിൽ കൂടാത്ത മൗലിക രചനകളാണ് അയക്കേണ്ടത്. വിവർത്തനമോ കേട്ടെഴുത്തോ മത്സരത്തിന് പരിഗണിക്കുകയില്ല. വിദഗ്ധ സമിതി തിരഞ്ഞെടുത്ത രചനകൾക്ക് ബഹുമതിപത്രവും കാഷ് പ്രൈസും നൽകും. പ്രായ പരിധിയില്ല. സ്വന്തം രചനയാണെന്ന് സാക്ഷ്യപ്പെടുത്തിയ കത്തിനോടൊപ്പം വിലാസവും ചേർത്ത് അയക്കുക. അവസാന തീയതി ഡിസംബർ 15. വിലാസം സെക്രട്ടറി, തനിമ കലാസാഹിത്യ വേദി, പി.ബി നമ്പർ: 833, മാവൂർ റോഡ്, കോഴിക്കോട് -4
thanimakv@gmail.com
9946227590.

'ഇന്ന്' തപാൽ അക്ഷരബന്ധു പുരസ്കാരം

തപാലിൽ കത്തെഴുതൽ നിലനിർത്താനായി, 36 വർഷം പിന്നിട്ട് ലിംക ബുക്ക് ഓഫ് റെക്കോഡ്സ് അംഗീകാരം ആർജിച്ച 'ഇന്ന്' മാസികയിലേക്ക്, സാമൂഹികപ്രസക്തിയുള്ള ഏറ്റവുമധികം കത്തുകൾ തപാലിൽ അയക്കുന്ന വ്യക്തിക്ക് എല്ലാ വർഷവും നൽകുന്ന 'ഇന്ന് തപാൽ അക്ഷരബന്ധു പുരസ്കാരം' 2018 ഫെബ്രുവരിയിൽ സമ്മാനിക്കും. ഡിസംബർ വരെ ലഭിക്കുന്ന സാമൂഹികപ്രസക്തിയുള്ള കത്തുകളാണ് പരിഗണിക്കുക. 100 പോസ്റ്റ്കാർഡും പ്രശസ്തിഫലകവുമാണ് പുരസ്കാരം. കത്തുകൾ അയക്കേണ്ട വിലാസം: "പത്രാധിപർ, തപാൽ അക്ഷരബന്ധുപുരസ്കാരം, 'ഇന്ന്' മാസിക, മലപ്പുറം – 676 505. വിശദാംശങ്ങൾക്ക്: ഫോൺ: 9387475279.

ചെറുകഥ മത്സരം

എഴുത്ത് മാസികയും ലയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് ആൻഡ് ഇൻറർനാഷനൽ റിലേഷൻസും കേരളത്തിലെ കലാലയ വിദ്യാർഥികൾക്കായി ചെറുകഥ മത്സരം നടത്തുന്നു. മികച്ച കഥക്ക് 10,001 രൂപയും പ്രശസ്തി പത്രവും ഫലകവും ലഭിക്കും. സർവകലാശാല/സ്വാശ്രയ, പാരലൽ, കോളജ് വിദ്യാർഥികൾക്ക് പങ്കെടുക്കാം. പ്രസിദ്ധീകരിച്ച കഥകൾ പരിഗണിക്കുന്നതല്ല. കൈയെഴുത്ത് പ്രതിയും മൂന്ന് ഫോട്ടോസ്റ്റാറ്റ്കോപ്പികളും പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൻെറയോ വകുപ്പ് മേലധികാരിയുടെയോ സാക്ഷ്യപത്രവും കഥ എവിടെയും പ്രസിദ്ധീകരിച്ചതല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന രേഖയും അയക്കേണ്ടതാണ്. അവസാന തീയതി ഡിസംബർ 20. അയക്കേണ്ട വിലാസം: എഴുത്ത് കഥാമത്സരം 2017, എഴുത്ത് മാസിക, പോണോത്ത് റോഡ്, കലൂർ, കൊച്ചി–682017.

കൃഷ്ണൻ മേത്തല സാഹിത്യ പുരസ്കാരം

കഥാകാരൻ ഐ.ആർ. കൃഷ്ണൻ മേത്തലയുടെ സ്മരണക്കായി ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 2014, 2015, 2016, 2017 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച നോവലുകൾക്കാണ് ഇത്തവണ 10,001 രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം. വായനക്കാർക്കും എഴുത്തുകാർക്കും പ്രസാധകർക്കും നോവലുകൾ അയക്കാം. നോവലുകളുടെ നാല് കോപ്പി വീതം ഉഷാദേവി മാരായിൽ, ഇല്ലിവീട്ടിൽ ഹൗസ്, പി.ഒ. കണ്ടംകുളം, കൊടുങ്ങല്ലൂർ, തൃശൂർ-680669 എന്ന വിലാസത്തിൽ ഡിസംബർ 31ന് മുമ്പ് ലഭിക്കണം. ഫോൺ: 9447 784 898, 9447 794 898.

ചരിത്രം

ചീന കൊട്ടാരം
വിസ്മൃതിയുടെ ദൂരങ്ങളിൽ

100 വർഷത്തിലേറെ പഴക്കവും വാസ്തുശിൽപപരമായി നിരവധി സവിശേഷതകളും പുലർത്തുന്ന കെട്ടിടമാണിത്. തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ 1904ൽ കൊല്ലം ചെങ്കോട്ട റെയിൽപാത വന്നപ്പോൾ പണികഴിപ്പിച്ചതാണ് ചീന കൊട്ടാരം. ട്രെയിൻയാത്രക്കായി കൊല്ലത്തെത്തുന്ന രാജാവിനും കുടുംബത്തിനും വിശ്രമിക്കാനായിരുന്നു ഈ കൊട്ടാരം

ആസിഫ് എ. പണയിൽ

കൊല്ലത്തിൻെറ പാരമ്പര്യവും പൈതൃകവും നിലനിർത്തുന്ന അപൂർവം അവശേഷിപ്പുകളിൽ ഒന്നായ ചിന്നക്കടയിലെ ചീന കൊട്ടാരം ചരിത്രത്തിൻെറ ചവറ്റുകുട്ടയിലാണിന്ന്. ഒരുകാലത്ത് രാജപ്രൗഢിയോടെ തലയുയർത്തിനിന്നിരുന്ന കൊട്ടാരം ഇന്ന് ചുറ്റും കാടുവളർന്ന് തെരുവുനായ്ക്കളുടെയും ഇഴജന്തുക്കളുടെയും താവളമാണ്. പഴയ രാജപാതയായ ചിന്നക്കടയിലെ റോഡുകളിലൂടെയും റെയിൽവേ മേൽപാലത്തിലൂടെയും പോകുന്നവർക്ക് പൊളിഞ്ഞുകിടക്കുന്ന റെയിൽവേയുടെ മറ്റു കെട്ടിടങ്ങൾക്കൊപ്പം ഈ കൊട്ടാരവും കാണാമെങ്കിലും പുതിയ തലമുറക്ക് അറിയില്ല ഇത് കൊല്ലത്തിൻെറ ചരിത്രവുമായി ബന്ധമുള്ള കെട്ടിടമാണെന്ന്. ഇന്ന് ഈ കെട്ടിടത്തിൻെറ നയനമനോഹാരിതയും കൊത്തുപണികളും അലങ്കാരപ്പണികളും കൈമോശംവന്നുപോയിട്ടുണ്ട്. അടുത്തകാലത്ത് കെട്ടിടത്തിൻെറ പ്രൗഢി വിളിച്ചോതിയിരുന്ന ഓടുകൾ മാറ്റുകയും പകരം ഷീറ്റ് മേയുകയും ചെയ്തു. തലകുനിച്ചുനിൽക്കുന്ന ചീന കൊട്ടാരത്തെ തലയെടുപ്പോടെ സംരക്ഷിക്കാൻ ആരെങ്കിലും തയാറാകുമോയെന്നാണ് കാലം ചോദിക്കുന്നത്.

100 വർഷത്തിലേറെ പഴക്കവും വാസ്തുശിൽപപരമായി നിരവധി സവിശേഷതകളും പുലർത്തുന്ന കെട്ടിടമാണിത്. തിരുവിതാംകൂർ രാജാവായ ശ്രീമൂലം തിരുനാൾ 1904ൽ കൊല്ലം ചെങ്കോട്ട റെയിൽപാത വന്നപ്പോൾ പണികഴിപ്പിച്ചതാണ് ചീന കൊട്ടാരം. ട്രെയിൻയാത്രക്കായി കൊല്ലത്തെത്തുന്ന രാജാവിനും കുടുംബത്തിനും വിശ്രമിക്കാനായിരുന്നു ഈ കൊട്ടാരം. അന്നുകാലത്ത് രാജാവിന് യാത്രചെയ്യാനുള്ള പ്രത്യേക കോച്ച് കൊട്ടാരത്തിന് മുന്നിൽ വന്നുനിൽക്കുമായിരുന്നു. പരമ്പരാഗത ചൈനീസ് വീടുകളുമായി സാദൃശ്യം തോന്നുന്ന രീതിയിൽ ചുമരുകൾ ചുവന്ന സോംബ്രേ ഇഷ്ടിക ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. മനോഹരമായ ജനാലകളും ഗോഥിക് ശൈലിയിലുള്ള ആർച്ചുകളുമാണ് കൊട്ടാരത്തെ ആകർഷണീയമാക്കുന്നത്. ജനാലകൾക്ക് ചിത്രപ്പണികൾ ചെയ്ത ഗ്ലാസുകൾകൊണ്ട് അടപ്പുകൾ തീർത്തിരിക്കുന്നു. നിലത്ത് വെനീഷ്യൻ ഫ്ലോർ ടൈൽ ആണ് പാകിയിരിക്കുന്നത്. കെട്ടിടത്തിൻെറ പലഭാഗങ്ങളിലായി സുന്ദരമായ കൊത്തുപണികൾ ചെയ്ത തടികൾ ശിൽപദൃശ്യങ്ങളാണ്. പുറത്തുനിന്നു നോക്കിയാൽ രണ്ടു നിലയുണ്ടെന്ന് തോന്നുമെങ്കിലും കൊട്ടാരത്തിന് ഒറ്റനിലയാണുള്ളത്. ഏഴു മുറികൾ അടങ്ങിയതാണ് ചീന കൊട്ടാരം. തിരുവിതാംകൂർ രാജവംശത്തിൻെറ ചിഹ്നമായ ശംഖ് ചുമരിൽ പതിച്ചിട്ടുണ്ട്. കൊളോണിയൽ കാലത്ത് പല രാജ്യങ്ങളിലും ജോലി ചെയ്തിരുന്ന ബ്രിട്ടീഷ് എൻജിനീയർമാരാണ് കൊട്ടാരം പണികഴിപ്പിച്ചതെന്ന് പറയപ്പെടുന്നു.

തീവണ്ടിപ്പാത തിരുവനന്തപുരത്തേക്ക് നീട്ടിയതോടെയാണ് കൊട്ടാരത്തിൻെറ പ്രസക്തി നഷ്ടമാകുന്നത്. ഇതോടെ മഹാരാജാവ് ഇവിടേക്ക് വരാതായി. കൊല്ലം മധുര ഡിവിഷൻെറ കീഴിലായിരുന്നപ്പോൾ കൊട്ടാരം സബ് കൺട്രോൾ ഓഫിസാക്കി മാറ്റി. പിന്നീട് തിരുവനന്തപുരം ഡിവിഷൻ വന്നപ്പോൾ കൊല്ലത്തെ സബ് കൺട്രോൾ ഓഫിസ് നിർത്തലാക്കി. തിരുവനന്തപുരത്തേക്ക് മെറ്റീരിയൽ എത്തിക്കാനുള്ള ഡിവിഷനൽ സ്റ്റോർ ആയും ഡീസൽ, സിമൻറ് തുടങ്ങിയ വസ്തുക്കൾ സൂക്ഷിക്കാൻ റെയിൽവേ ഉപയോഗിച്ചതും ചീന കൊട്ടാരം തന്നെ. പിൽക്കാലത്ത് കൊട്ടാരത്തിൻെറ ഘടനയിൽ മാറ്റംവരുത്തിയതായി പഴമക്കാർ പറയുന്നു.

ചരിത്രസ്മാരകം തന്നെ

ഹെറിറ്റേജ് ബിൽഡിങ് സംരക്ഷണ ചട്ടപ്രകാരം ചീന കൊട്ടാരം ചരിത്രസ്മാരകം തന്നെയാണെന്നാണ് ആർക്കിടെക്ടുമാരും പുരാവസ്തുവകുപ്പിലെ ഉദ്യോഗസ്ഥരും പറയുന്നത്. ചരിത്രപശ്ചാത്തലം, ചരിത്രപരമായ പ്രാധാന്യം, കാലഘട്ടവുമായുള്ള ബന്ധം എന്നീ മൂന്നു ഘടകങ്ങളാണ് ഇതിനുള്ള മാനദണ്ഡം. ഇവ മൂന്നും ചീന കൊട്ടാരത്തിനുണ്ട്. തിരുവിതാംകൂർ രാജാവിൻെറ ആദ്യത്തെ റെയിൽവേ യാത്രാബംഗ്ലാവാണിത്. തിരുവിതാംകൂറിലേക്ക് ആദ്യമായി റെയിൽവേ വന്നതുമായി ബന്ധപ്പെട്ട ചരിത്രമുഹൂർത്തത്തിലാണ് കൊട്ടാരം പണികഴിപ്പിച്ചത്. ബ്രിട്ടീഷുകാർ ഇന്ത്യയുടെ വാസ്തുവിദ്യയുമായി സംയോജിപ്പിച്ചുണ്ടാക്കിയ ഇൻഡോ സാഴ്സനിക് ശൈലിയിലാണ് നിർമാണം. ചൈനീസ് പഗോഡയുടെ മാതൃകയിലാണ് ആദ്യ മേൽക്കൂര നിർമിച്ചിരിക്കുന്നത്. കൊല്ലവും ചൈനയും തമ്മിലുള്ള വാണിജ്യബന്ധത്തിൻെറകൂടി സൂചകമാണിത്. 100 വർഷം പിന്നിട്ടുവെന്നതുകൂടി കണക്കിലെടുത്താൽ എന്തുകൊണ്ടും പൈതൃക പട്ടികയിൽ ഉൾപ്പെടുത്താനും സംരക്ഷിക്കാനും അർഹമാണ് കൊട്ടാരമെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു.

പൊളിച്ചുമാറ്റാനും ശ്രമം

2002ൽ ചീന കൊട്ടാരം പൊളിച്ചുമാറ്റാൻ റെയിൽവേയുടെ ഭാഗത്തുനിന്ന് ശ്രമം നടന്നിരുന്നു. ഇതിനെതിരെ കൊല്ലം ഹിസ്റ്ററി സെൻറർ ഡയറക്ടർ ചേരിയിൽ സുകുമാരൻ നായർ ദക്ഷിണ റെയിൽവേ ജനറൽ മാനേജർക്കെതിരെ കൊല്ലം കോടതിയിൽ കേസ് ഫയൽ ചെയ്തു. തുടർന്ന് കൊട്ടാരം പൊളിക്കുന്നത് കോടതി തടഞ്ഞു. ഇദ്ദേഹം ആർക്കിയോളജി വകുപ്പിനും പരാതിനൽകിയിരുന്നു. ആർക്കിയോളജി വകുപ്പ് കൊട്ടാരം സന്ദർശിക്കുകയും തകർക്കാൻ പാടില്ലെന്ന് റെയിൽവേയെ അറിയിക്കുകയും ചെയ്തു.

അന്നത്തെ മേയർ അഡ്വ. സബിദാബീഗം കൊട്ടാരം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കൊല്ലം കോർപറേഷനിൽ പ്രമേയം അവതരിച്ചിച്ചു. കെ. തങ്കപ്പൻ കൊല്ലം മുനിസിപ്പൽ ചെയർമാനായിരുന്ന കാലത്ത് കൊട്ടാരം വിട്ടുതന്നാൽ മ്യൂസിയമാക്കി സംരക്ഷിക്കാമെന്ന് റെയിൽവേയെ അറിയിച്ചെങ്കിലും അവർ തയാറായില്ല. ഡോ. ഡബ്ല്യു.ആർ. റെഡ്ഡി കൊല്ലം കലക്ടറായിരുന്ന കാലത്ത് ഡി.ടി.പി.സി ചെയർമാനെന്ന നിലയിൽ കൊട്ടാരം വിട്ടുതന്നാൽ പൈതൃക മ്യൂസിയമാക്കാമെന്ന് അറിയിച്ചിരുന്നു. റെയിൽവേ അതും നിരസിക്കുകയായിരുന്നു. ചീന കൊട്ടാരം റെയിൽവേ പൈതൃക മ്യൂസിയമാക്കുമെന്ന് ഉറപ്പുനൽകിയതായി അന്നത്തെ എം.പി. പീതാംബരക്കുറുപ്പ് അറിയിച്ചിരുന്നു. ഇപ്പോഴത്തെ എം.പി എൻ.കെ. പ്രേമചന്ദ്രൻ റെയിൽവേയോട് ഇതേ കാര്യം ആവശ്യപ്പെട്ടെങ്കിലും ഇതൊന്നും റെയിൽവേ ചെവിക്കൊണ്ടില്ല. ചീന കൊട്ടാരം സംരക്ഷിക്കാൻ 40 ലക്ഷം മാറ്റിവെച്ചിട്ടുണ്ടെന്ന് മുൻ മേയർ പ്രസന്ന ഏണസ്റ്റ് പ്രഖ്യാപിച്ചിരുന്നു. 2016-17ലെ കോർപറേഷൻ ബജറ്റിൽ കൊട്ടാരം സംരക്ഷണത്തിനായി 50 ലക്ഷം മാറ്റിവെച്ചിട്ടുണ്ട്.

എന്നാൽ, പ്രഖ്യാപനങ്ങളെല്ലാം കടലാസിൽ ഉറങ്ങുന്നതല്ലാതെ കൊട്ടാരത്തിൻെറ ശോച്യാവസ്ഥക്ക് കാര്യമായ മാറ്റങ്ങളൊന്നുമില്ല. ●

കഥ

സ്വപ്ന വ്യാഖ്യാനം

ഷാഹിന ഇ.കെ.

മഞ്ഞവെളിച്ചം ചിതറിച്ചുകൊണ്ട് ഉണരാറായില്ലേയെന്ന് സൂര്യവെളിച്ചം ഉല്ലാസപൂർവം ചോദിക്കുന്നു.

അലാറം കിളിയൊച്ച പാടിപ്പാടി നിലച്ചു പോകുന്നു. ഉണരേണ്ട നേരം കഴിഞ്ഞെത്രയോ കഴിഞ്ഞിരുന്നു. സ്വപ്നത്തിനും ഉണർച്ചക്കുമിടയിൽ വഴുതിവീണ ഞാൻ ഉത്തരമില്ലാത്തൊരു ചോദ്യം ഉള്ളിലിട്ടുണരുന്നു.

അത്രയും വിചിത്രമായിരുന്നു സ്വപ്നം.

നീലിച്ച നിറമുള്ള സ്വപ്നം.

മരണപ്പെട്ട പരിചിത പറയുന്നു: "അവിടെ എല്ലാം സന്തോഷമാണ്. പക്ഷേ, ഒന്നൊഴികെ. അവിടെ എനിക്ക് പ്രിയപ്പെട്ട ബോഗൺവില്ലപ്പൂക്കളില്ലല്ലോ."

എന്നത്തെയുംപോലെ കടുംനിറമുള്ള ഉടുപ്പായിരുന്നു അവർക്ക്.

എന്തോ ഫലിതം പറയാനുള്ള പുറപ്പാടുപോലെ ചുണ്ടുകൾ വക്രിച്ചുപിടിച്ചിരുന്നു. കണ്ണുകളിൽ കുസൃതിയുടെ നക്ഷത്രപ്പൊട്ടുകളുണ്ടായിരുന്നു.

സംഭാഷണത്തിൻെറ ഇടക്കാവണം ഞാൻ ഉണർന്നത്. പലനിറങ്ങളുടെ കാലിഡോസ്കോപ്പ് ചിതറൽ പോലെ ഉണർച്ച. ഉണർന്നുവെന്നതു സ്വപ്നമായിരുന്നുവോ അതോ ശരിക്കും ഞാനുണർന്നുവോ?

ഉണർന്നുണർന്ന് ദിവസത്തിലേക്കുർന്നിറങ്ങവേ സ്വപ്നം അതിൻെറ കടും റോസും വെളുപ്പും മഞ്ഞയും ഓറഞ്ചും നിറങ്ങളാൽ ആ വിചിത്രാനുഭവം തുടർന്നു കൊണ്ടിരുന്നു.

ബോഗൺവില്ലകൾ. പൂത്തുലഞ്ഞ് ഇലകളെ മൂടി നിൽക്കുന്ന പൂക്കൾ. കുളിക്കുമ്പോൾ, പ്രഭാതഭക്ഷണം തയാറാക്കുമ്പോൾ, ഓഫിസിലേക്കിറങ്ങുമ്പോൾ, പലവിധ ജോലികളിൽ വ്യാപൃതയാകുമ്പോൾ ഉള്ളിലറിയാതെ നടന്നുകൊണ്ടിരുന്ന സ്വപ്നവ്യാഖ്യാനങ്ങൾ എന്നെ എങ്ങുമെത്തിച്ചില്ല. പൊടുന്നനെ ദിവസം അസ്വാസ്ഥ്യപ്പെടുത്തുമാറ് ഇഴയാൻ തുടങ്ങി. ഉള്ളിലെന്തോ എരിയാൻ തുടങ്ങി.

"അവർക്ക് ബോഗൺവില്ലപ്പൂക്കൾ ഇഷ്ടമായിരുന്നോ?"

ഞാനവരുടെ കൂട്ടുകാരിക്ക് ഒരു സന്ദേശമയക്കുന്നു

മറ്റൊന്നിനുമായിരുന്നില്ല അത്.

'ഇല്ല' എന്ന ഉത്തരത്തിൽ അസ്വാസ്ഥ്യപ്പെടുത്തുന്ന ആ ഭ്രാന്തൻസ്വപ്നത്തെ തള്ളിയിട്ട് എനിക്ക് മടങ്ങണമായിരുന്നു, എൻെറ ദിവസത്തിലേക്ക്.

ആകാശത്തെയും ഭൂമിയെയും കൊരുത്തുകിടന്ന ആ സ്വപ്നത്തിൻെറ പലനിറമുള്ള നൂലുകൾ പൊട്ടിച്ചു കളയണമായിരുന്നു.

"ഉവ്വ്."

അവൾ പക്ഷേ മറുപടിയായി.

"വളരെ."

"എന്തെ നീയിപ്പോൾ അങ്ങനെ ചോദിച്ചത്?"

"അവൾക്ക് നിന്നെയും വളരെ ഇഷ്ടമായിരുന്നു എന്നറിയാമോ?"

രണ്ടുത്തരത്തിനും മീതെ നൂറു നൂറു പൂക്കൾ ചിതറി .

എനിക്കറിയാത്ത നിറങ്ങൾ. സൂര്യവെളിച്ചം വീണു പ്രകാശിക്കുന്ന ബോഗൺവില്ലകൾ. വേലിപ്പടർപ്പുകൾ. ബോഗൺവില്ലകളാൽ മൂടിപ്പോയ ഒരു ചെറിയ വീട്.

● ചിത്രീകരണം: **കന്നി എം.**

അതാരുടേയായിരുന്നു? തീർച്ചയായും അവരുടേതായിരുന്നില്ല.

അല്ലെങ്കിൽ എനിക്കവരെ അറിയാമായിരുന്നോ ? അവരുടെ വീട്, കുഞ്ഞുങ്ങൾ, ഭർത്താവ്, വിചാരങ്ങൾ?

എനിക്കൊന്നുമറിയില്ലായിരുന്നു. ഒരു പേരിനും ഒരുപിടി വർത്തമാനങ്ങൾക്കുമപ്പുറം. കുറെ കാഴ്ചകൾക്കപ്പുറം. ഒരപകടത്തിൽ അവർ മരണപ്പെട്ടു എന്നതിനപ്പുറം...

ഇല്ല. ഒന്നുമറിയുമായിരുന്നില്ല. അവർക്കെന്നെ ഇഷ്ടമായിരുന്നു എന്നുകൂടി.

ഇപ്പോൾ, ഒരു സ്വപ്നത്താൽ ഞാൻ ശൂന്യയാക്കപ്പെടുകയും പൂക്കളാൽ നിറക്കപ്പെടുകയും ചെയ്യുന്നു.

വെളുപ്പും ഓറഞ്ചും മഞ്ഞയും ഇളം ചുവപ്പും അങ്ങനെ പലജാതി പൂക്കൾ. സുഗന്ധത്തിൻെറ അഭാവത്തെ നിറങ്ങളാൽ അതിജീവിച്ച ബോഗൺവില്ലപ്പൂക്കൾ. ഉറക്കിനും ഉണർവിനുമിടക്കുള്ള ഇടനാഴിയാകെ ചിതറിയ ഇതളുകൾ. മുള്ളു പോറിക്കടന്നുപോകുന്ന കാറ്റ്.

സ്വപ്നത്തിൽനിന്നും ജാഗരത്തിലേക്ക് കാറ്റു കൊണ്ടുപോരുന്ന ഒരൊറ്റപ്പൂങ്കുല.

അത് വെളുപ്പ്.

ഇപ്പോൾ ഞാനുറക്കത്തിലോ ഉണർച്ചയിലോ?

എങ്ങനെയാവും വായനക്കാരാ, നിങ്ങളീ സ്വപ്നത്തെ വ്യാഖ്യാനിക്കുക? ●

കവിത

കൊന്നപ്പൂവും കരിയിലയും

സൈനുൽ ആബിദ് പി.പി

നിൽക്കാനൊരിടം
കൊടുക്കാതെ
കൊഴിച്ചുകളഞ്ഞ
ഇലകളുടെ
കണ്ണീരുരുക്കി
കൊന്നമരമിങ്ങനെ
സ്വർണപ്പല്ലുകാട്ടി-
ച്ചിരിക്കുമ്പോൾ,
താഴെ,
നിറം വാർന്നുപോയവരെങ്ങനെ
'കൊന്നപ്പൂവേ കിങ്ങിണിപ്പൂവേ' പാടും?
ഓട്ടുരുളിയിൽ
വാൽക്കണ്ണാടി നോക്കി-
ക്കിടത്താനാരും
വരില്ലെന്നറിഞ്ഞാൽ
പിന്നെയെങ്ങനെയീ
രാജവൃക്ഷച്ചുവട്ടിലുറങ്ങും?
എങ്ങനെയിനിയും
വേരിലേക്ക്
വളമായി മാറും?

എന്ന്,
നാലുമണിക്കത്തെ കാറ്റിൽ
പറക്കാനിറങ്ങും കരിയില.

● ചിത്രീകരണം: **കെ. നിസാർ**

ആകുലപ്പെടുത്തുന്ന ജീവിതം

ഹാരിസ് നെന്മേനി

ഡി. കണ്യൻ കട

അനീഷ് ജോസഫ്
പ്രസാധനം സോഫിയ ബുക്സ്,
പേജ്: 72
വില: 65.00 രൂപ

കരുണയുള്ള വാർത്തകളില്ല. വാർത്തകളുടെ തലവാചകങ്ങൾ ദുരന്തത്തിൻെറ തലവരകളാവുന്നു- മുതിർന്ന എഴുത്തുകാരൻ വി.എസ്. അനിൽകുമാർ 'വൃത്താന്ത പത്ര പ്രവർത്തനം' എന്ന ചെറുനോവലിൻെറ തുടക്കത്തിൽ ഇങ്ങനെ എഴുതുന്നു. പ്രതിലോമതകളും ആസുരതകളും മാത്രം രേഖപ്പെടുത്തേണ്ടിവരുന്ന കാലത്തെ ജീവിതത്തെ കുറിക്കാൻ കാൽനൂറ്റാണ്ട് മുമ്പാണ് അത് അദ്ദേഹം എഴുതിയത്.

ഇന്ന് 2017ൽ അനീഷ് ജോസഫ് 'ഡി. കണ്യൻ കട' എന്ന കഥയെഴുതുമ്പോഴും ആതുരതകളുടെ, അപകടങ്ങളുടെ, പലവിധമാം ഭയങ്ങളുടെ ആ പഴയ കാലം അതു പോലെതന്നെയുണ്ട്, അല്ല കൂടുതൽ രൂക്ഷമായുണ്ട് എന്ന് നാം വായിക്കുന്നു. മൊയ്തുപ്പാലത്തിന്, സമീപമാണ് അപകടം. നിയന്ത്രണം വിട്ട ബസ് എതിരെ വന്ന ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. ഏഴു പേർ അപകടത്തിൽ മരിച്ചതായി അറിയുന്നു, അല്ലെങ്കിലും ഭയത്തിൻെറയും ആശങ്കകളുടേയും കരിമേഘങ്ങൾ മേലാപ്പിട്ട കാലത്ത് വാർത്തകളും കഥകളും ശുഭപര്യവസായിയായിരിക്കണമെന്ന് ശഠിക്കവയ്യല്ലോ. 'ഡി കണ്യൻ കട' എന്ന പത്ത് ചെറുകഥകളുടെ സമാഹാരത്തിൽ അനീഷ് ജോസഫ് ചേർത്തുവെക്കുന്നത് ഏറിയും കുറഞ്ഞും പൊള്ളുന്ന വർത്തമാനകാലമാണ്, ജീവിതമാണ്.

തൻെറ കൈകാര്യലോകത്തിൻെറ പരിധിക്കകത്തുനിന്നാണ് അനീഷ് വിഷയങ്ങൾ സ്വീകരിക്കുന്നത്. കണ്യൻ കടയിൽ മാധ്യമപ്രവർത്തനമുണ്ട്, കൃഷി ജീവിതമുണ്ട്, നിർഭാഗ്യവാർധക്യമുണ്ട്, വിശപ്പുണ്ട്, ഇരയാക്കപ്പെടലുകളുണ്ട്, ചെടി വളരാൻ മാത്രം വേണ്ട മണ്ണെടുക്കുന്നതിനുപോലും ശിക്ഷിക്കുന്ന ഭരണകൂട ഭീകരതയുണ്ട്. അതെ അനീഷ് ജോസഫെന്ന മാധ്യമപ്രവർത്തകൻ കഥയെഴുതുമ്പോൾ വർത്തമാനം നമുക്ക് മുന്നിൽ വെളിപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ, ലളിത വായനക്ക് പഥ്യമാവുകയില്ല ഈ കഥകൾ. എഴുത്ത് ഗൗരവത്തിലെടുത്തിരിക്കുന്ന ഒരാൾ കൃത്യതയോടെ വിനിമയം ചെയ്യുന്ന ജൈവികതയും രാഷ്ട്രീയവുമാണ് ഇക്കഥകളിലുള്ളത്.

'ബട്ടൂര' എന്ന കഥ തുടങ്ങുന്നത് ഇങ്ങനെയാണ്. കപ്പച്ചെടിയുടെ ഇല ജനലിലൂടെ പുറത്തേക്ക് നീണ്ടുതുടങ്ങി. ഇളം പച്ച നിറത്തിലുള്ള ഇലകൾ മഹാനഗരത്തിലെ ഫ്ലാറ്റിലേക്ക് പറിച്ചു വെച്ചിട്ടും മണ്ണിൽ വിയർപ്പൊഴുക്കി പൊന്നുവിളയിച്ച ഭൂതകാലം വേട്ടയാടുന്ന കർഷകൻെറ ദൈന്യത നമുക്കീ കഥയിൽ വായിക്കാം. ബട്ടൂരയിൽ മാത്രമല്ല, മരിച്ചവർക്കുള്ള ഒപ്പീസിലും മണ്ണ് എന്ന്തന്നെ പേരായ മറ്റൊരു കഥയിലുമെല്ലാം കാണാം വേരിനൊപ്പം പറ്റിനിൽക്കുന്ന മണ്ണിൻെറ ജൈവികത.

സാങ്കേതികവിദ്യയുടെ ചങ്ങലക്കുരുക്കങ്ങളിൽ വെറും യന്ത്രങ്ങളായിപ്പോവുന്ന മനുഷ്യജീവിതങ്ങളെപ്പറ്റി അനീഷ് വ്യാകുലപ്പെടുന്നുണ്ട്. അതുകൊണ്ടാണല്ലോ ഒരുകഥയിലെ നായകന് സ്വന്തം കുടുംബത്തിൻെറ മരണവാർത്തയും രണ്ട് സൈഡ് സ്റ്റോറികളും തണുത്ത കാറ്റിലുലഞ്ഞ് ചമയ്ക്കാനാവുന്നത്.അതുകൊണ്ടുതന്നെയാണ് മാത്യൂസ്റ്റീഫനെന്ന ജലയാത്രികനിലെ കഥാപാത്രങ്ങൾ ജീവനുള്ള മനുഷ്യരെ ദഹിപ്പിക്കുന്നതിനുള്ള ലായനി കണ്ടുപിടിക്കുന്നത്.

ഫാൻറസി ഒരു മന്ത്രവടി പോലെ ഉപയോഗിക്കുന്നുണ്ട് അനീഷ് ജോസഫ് തൻെറ കഥകളിൽ. ആദ്യസമാഹാരമായ കാൻസർവാർഡിലെ ബുദ്ധനിലും ഉണ്ടായിരുന്നു ഇതിൻെറ മിന്നലാട്ടങ്ങൾ. ഭയത്തിൻെറ വിത്തുകൾ എന്ന ഈ സമാഹാരത്തിലെ രചനയും അതിന് മികച്ച ഉദാഹരണമാണ്. ഇക്കഥയിലെ നായകൻ കഥാന്ത്യത്തിൽ ഉടലാകെയും രോമങ്ങൾ വളർന്ന് ഒരു പൂച്ച തന്നെയായി പരിവർത്തനപ്പെടുന്ന രംഗം മനോഹരമായാണ് അനീഷ് അനുഭവിപ്പിക്കുന്നത്.

ഭക്തി വലിയ വ്യവസായം കൂടിയായി മാറിയ ഇക്കാലത്ത് ക്രിസ്തുവിൻെറ വീട് എന്ന കഥ സവിശേഷമായ വായനയർഹിക്കുന്നു.ഭക്തിപ്രചാരണത്തിന് സാങ്കേതികവിദ്യയും ഗൂഢമായുപയോഗിക്കപ്പെടും കാലത്ത് കബളിപ്പിക്കപ്പെട്ട് ദരിദ്രനായി മാറുന്നത് വിദ്യാസമ്പന്നനായ ഒരു ഭക്തനാണെന്നത് ഇക്കാലത്ത് നമ്മെ നടുക്കുന്നുമില്ല. സന്തോഷ് ഏച്ചിക്കാനമാണ് ഡി .കണ്യൻ കടയുടെ അവതാരിക രചിച്ചിരിക്കുന്നത്. താൻ ജീവിക്കുന്ന കാലത്തിൻെറ ഭാഷയും സംസ്കാരവും ആകുലതകളും രാഷ്ട്രീയമായി വിശകലനം ചെയ്യുന്ന അനീഷിൻെറ കഥകൾ മലയാള കഥാകഥനത്തിൻെറ പതിവുരീതികളെ ഉല്ലംഘിക്കുന്നില്ലെങ്കിലും ധൈഷണികമായ സത്യസന്ധതകൊണ്ട് സ്വയം നവീകരിക്കാൻ ശ്രമിക്കുന്നുണ്ട് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

കണ്യൻ കടയിൽ മാധ്യമപ്രവർത്തനമുണ്ട്, കൃഷി ജീവിതമുണ്ട്, നിർഭാഗ്യവാർധക്യമുണ്ട്, വിശപ്പുണ്ട്, ഇരയാക്കപ്പെടലുകളുണ്ട്, ചെടി വളരാൻ മാത്രം വേണ്ട മണ്ണെടുക്കുന്നതിനുപോലും ശിക്ഷിക്കുന്ന ഭരണകൂട ഭീകരതയുണ്ട്.

കഥാവായനാനന്തരവും ഈ സമാഹാരത്തിലെ കഥാപാത്രങ്ങളും കഥാഗതിയും കുറച്ചേറെ നേരം കൂടി വായനക്കാരെ ആഹ്ലാദിപ്പിക്കുകയോ സങ്കടപ്പെടുത്തുകയോ ചെയ്യും എന്ന് കഥാപഠനത്തിൽ ഡോ. കെ. ശ്രീകുമാറും രേഖപ്പെടുത്തുന്നു.

പലവിതാനത്തിൽ മുന്നിലെത്തുന്ന ആകുലപ്പെടുത്തുന്ന ജീവിതം തന്നെയാണ് ഡി. കണ്യൻ കടയുടെ ഹൈലൈറ്റ്. ●

യാത്ര

പുസ്തകം



കഥകൾ
വി.ജെ. ജയിംസ്
പേജ്: 320, വില: 299.00
ഡി.സി ബുക്സ്

ഒരോ വായനയും ഓരോ അനുഭവമാക്കിത്തീർക്കുന്ന എഴുത്തുകാരൻെറ മികച്ച കഥകളുടെ സമാഹാരം. ആഖ്യാനകലയിലെ മിതത്വവും ധ്വന്യാത്മകമായ അവതരണവും ഇതിൽ കാണാം.

ഓർമകൾ മരിക്കുമോ?
കെ. വേണുഗോപാൽ
പേജ്: 205, വില: 200.00
തിങ്കൾ ബുക്സ്, തൃശൂർ

എഴുത്തിലും സംവിധാനത്തിലും അഭിനയത്തിലും അതിശയകരമാംവിധം സൗന്ദര്യവും മികവും പുലർത്തിയ അനശ്വരരായ പ്രതിഭകളെ കുറിച്ചുള്ള ഓർമകളാണ് സിനിമാ പ്രവർത്തകൻകൂടിയായ ഗ്രന്ഥകാരൻ പങ്കുവെക്കുന്നത്.



ഭ്രമയാത്രികൻ-ഒരു നടൻെറ യാത്രകൾ
അനൂപ് മേനോൻ
പേജ്: 200, വില: 190.00
ഡി.സി. ബുക്സ്

ഒരു ചലച്ചിത്ര നടൻെറ യാത്രാനുഭവങ്ങൾ. നാട്യങ്ങളോ ഭാഷാപരമായ ഏച്ചുകെട്ടലുകളോ ഇല്ലാതെ ലളിതവും മനോഹരവുമായി എഴുത്തുകാരൻ അവതരിപ്പിക്കുന്നു തൻെറ ഓരോ യാത്രകളും.

പുസ്തകങ്ങൾക്കും ജീവനുണ്ട്
പി.കെ. പാറക്കടവ്
പേജ്: 126, വില: 120.00
പെൻഡുലം ബുക്സ്

പി.കെ. പാറക്കടവ് വ്യത്യസ്ത കാലങ്ങളിൽ എഴുതിയ ലേഖനങ്ങളുടെയും ഓർമക്കുറിപ്പുകളുടെയും സാമൂഹിക വിഷയങ്ങളിൽ നടത്തിയ ഇടപെടലുകളുടെയും സമാഹാരം.

കുട്ടികൾക്ക് മുഹമ്മദ് നബിയുടെ ജീവചരിത്രം
കുഞ്ഞിമുഹമ്മദ് പാണ്ടികശാല
പേജ്: 161, വില: 100.00
ഒലിവ്

കാരുണ്യത്തിൻെറ പതാകവാഹകൻ ആയിരുന്ന മുഹമ്മദ് നബിയുടെ ഇതിഹാസ സമാനമായ ജീവചരിത്രം കുട്ടികൾക്കായി അവതരിപ്പിക്കുകയാണ് ഈ പുസ്തകം.



മാർക്സും മാർപാപ്പയും
സെബാസ്റ്റ്യൻ പോൾ
പേജ്: 152, വില: 145.00
ചിന്ത പബ്ലിഷേഴ്സ്

ഫ്രാൻസിസ് മാർപാപ്പ ലോകത്തിന് ഏറെ പ്രിയങ്കരനും സ്വീകാര്യനും ആകുന്നത് എന്തുകൊണ്ട് എന്ന് അന്വേഷിക്കുകയാണ് ലേഖകൻ. മാർപാപ്പയുടെ വ്യത്യസ്തമായ ലോക വീക്ഷണത്തിലൂടെയാണ് പുസ്തകത്തിൻെറ സഞ്ചാരം.

ബർട്രാൻഡ് റസ്സൽ
തിരഞ്ഞെടുത്ത ലേഖനങ്ങൾ
വിവ: എൻ. മൂസക്കുട്ടി
പേജ്: 234, വില: 210.00
പാപ്പിയോൺ

തത്ത്വചിന്തകൻ, ഗണിതശാസ്ത്രജ്ഞൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്ന എഴുത്തുകാരൻെറ തിരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരം.



പ്രധാനവാർത്തകൾ ഒരിക്കൽകൂടി
പി.എ. അസീസ്
പേജ്: 79, വില: 60.00
മദർ പബ്ലിഷേഴ്സ്

നാം ജീവിക്കുന്ന കാലത്തെ തൻേറതായ ശൈലിയിൽ അവതരിപ്പിക്കുന്ന കഥകളുടെ സമാഹാരം. മനുഷ്യൻ ജ്വലിക്കുന്ന കഥാപാത്രമാകുന്നു ഓരോ വരികളിലും.

അർബുദകാലത്തെ പ്രണയം

സിന്തിലും ശ്രീജയും കുഞ്ഞുമായി

● ചിത്രം: കൃഷ്ണകുമാർ പ്രണവം

"ശ്രീജക്ക് അർബുദമാണ്. കടുത്ത നിലയിലുള്ള തുടർ ചികിത്സ വേണ്ടിവരും. ഗർഭപാത്രവും നീക്കേണ്ടതായിട്ടുണ്ട്. കുഞ്ഞിൻെറ കാര്യം ഇപ്പോൾതന്നെ മറക്കാൻ ശ്രമിക്കുക. നമുക്ക് അമ്മയെ രക്ഷപ്പെടുത്താൻ നോക്കാം. ബാക്കിയെല്ലാം നിങ്ങൾ വിശ്വസിക്കുന്ന ഈശ്വരനെ ഏൽപിക്കുക". വർഷങ്ങളോളം പ്രണയിച്ചശേഷം വീട്ടുകാരെയെല്ലാം പിണക്കി സ്വന്തമാക്കിയ ഭാര്യ... അർബുദ ചികിത്സയെന്ന ബാലികേറാമല... ബി.എ വരെ പഠിച്ചെങ്കിലും കൂലിപ്പണിയെടുത്ത് അന്നന്നത്തെ അന്നം കണ്ടെത്തുന്ന സിന്തിൽ ഡോക്ടറുടെ മുന്നിലിരുന്ന് പൊട്ടിക്കരഞ്ഞു. എപ്പോഴോ കൊട്ടാരക്കര പവിത്രേശ്വരം ചെറുപൊയ്ക വാണിവിളയിൽ എന്ന ചെറിയവീട്ടിൽ കാത്തിരിക്കുന്ന പ്രിയതമക്കരികിലേക്ക് മടങ്ങി.

സൈഫ് ചക്കുവള്ളി

കൊട്ടാരക്കര സബ് രജിസ്ട്രാർ കച്ചേരിയിലെ തടിച്ച പുസ്തകത്തിൻെറ മുറത്തോളം വരുന്ന താളിൽ മൂന്ന് കൂട്ടുകാരുടെ മാത്രം സാന്നിധ്യത്തിൽ വിരൽപ്പാടുകൾ ചാർത്തിയാണ് സിന്തിലും ശ്രീജയും രണ്ടര കൊല്ലം മുമ്പ് ഒരു പതിറ്റാണ്ട് നീണ്ട പ്രണയത്തിനൊടുവിൽ ഒന്നായത്. പിന്നെ പവിത്രേശ്വരം ശ്രീമഹാദേവക്ഷേത്ര സന്നിധിയിലെത്തി പരസ്പരം തുളസിമാല അണിഞ്ഞു.

ഒന്നരവർഷത്തെ കാത്തിരിപ്പിനൊടുവിൽ ഗർഭിണിയായിരിക്കുമ്പോഴാണ് 29കാരിയായ ശ്രീജ നേരിയ രീതിയിൽ തുടങ്ങിയ വയറുവേദനയുമായി കഴിഞ്ഞ ഫെബ്രുവരി 24ന് കൊട്ടാരക്കര ഗവ. ആശുപത്രിയിലെ ഡോക്ടറെ കണ്ടത്. അൾട്രാ സൗണ്ട് സ്കാനിങ് നടത്തിയപ്പോൾ അരുതാത്തതെന്തോ ശ്രദ്ധയിൽപ്പെട്ടിട്ടാവണം ഭർത്താവ് സിന്തിലിനെ അരികെ വിളിച്ച് ശ്രീജയെ തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ഒന്നു കാണിക്കണമെന്ന് ഡോക്ടർ നിർദേശിച്ചു. ഒന്നരമാസം ഗർഭിണിയായ ശ്രീജയെയും കൂട്ടി സിന്തിൽ അവിടെയെത്തി. അഞ്ചുദിവസം കിടത്തി നിരീക്ഷിച്ചു. അൾട്രാ സൗണ്ട് സ്കാൻ ചെയ്തപ്പോൾ കുഞ്ഞിനൊപ്പം ഗർഭപാത്രത്തിൽ ഒരു മുഴയും. മുഴ വളരുന്നുണ്ടോയെന്ന് നോക്കുന്നതിനായി ഏപ്രിൽ ഒന്നിന് വീണ്ടും വരാൻ നിർദേശിച്ച് ഡിസ്ചാർജ് ചെയ്തു. ഏപ്രിൽ ഒന്നിന് വീണ്ടും സ്കാൻ ചെയ്തപ്പോൾ മുഴ ഇരട്ടിയായിരിക്കുന്നു. ഡോ. സുജാമോൾ ജേക്കബ് ഏപ്രിൽ 19ന് ശസ്ത്രക്രിയ നടത്തി ശ്രീജയുടെ വലത് ഓവറി മുറിച്ചുമാറ്റി. ഇടത് ഓവറിയിൽനിന്ന് സ്പെസിമെൻ എടുത്ത് പരിശോധനക്കയച്ചു. മേയ് മൂന്നിന് ഡിസ്ചാർജ് ചെയ്തു. ഏതാനും ദിവസം കഴിഞ്ഞ് സിന്തിലിനെ ഡോ. സുജാമോൾ ജേക്കബ് ഫോണിൽ വിളിച്ച് കാണണമെന്നാവശ്യപ്പെട്ടു. ഓവറിയുടെ ബയോപ്സി നടത്തിയ ഫലമടങ്ങിയ ഫയൽ കൈമാറി ഡോക്ടർ ആ മഹാസത്യം വെളിപ്പെടുത്തി. ശ്രീജക്ക് അർബുദമാണ്. കടുത്ത നിലയിലുള്ള തുടർ ചികിത്സ വേണ്ടിവരും. ഗർഭപാത്രവും നീക്കേണ്ടതായിട്ടുണ്ട്. കുഞ്ഞിൻെറ കാര്യം ഇപ്പോൾതന്നെ മറക്കാൻ ശ്രമിക്കുക. നമുക്ക് അമ്മയെ രക്ഷപ്പെടുത്താൻ നോക്കാം. ബാക്കിയെല്ലാം നിങ്ങൾ വിശ്വസിക്കുന്ന ഈശ്വരനെ ഏൽപിക്കുക. വർഷങ്ങളോളം പ്രണയിച്ചശേഷം വീട്ടുകാരെയെല്ലാം പിണക്കി സ്വന്തമാക്കിയ ഭാര്യ... അർബുദ ചികിത്സയെന്ന ബാലികേറാമല... ബി.എ വരെ പഠിച്ചെങ്കിലും കൂലിപ്പണിയെടുത്ത് അന്നന്നത്തെ അന്നം കണ്ടെത്തുന്ന സിന്തിൽ ഡോക്ടറുടെ മുന്നിലിരുന്ന് പൊട്ടിക്കരഞ്ഞു. എപ്പോഴോ കൊട്ടാരക്കര പവിത്രേശ്വരം ചെറുപൊയ്ക വാണിവിളയിൽ എന്ന ചെറിയവീട്ടിൽ കാത്തിരിക്കുന്ന പ്രിയതമക്കരികിലേക്ക് മടങ്ങി.

പ്രണയവും ജീവിതവും

അച്ചൻ വാണിവിള ജനാർദനൻ സിദ്ധനർ സമുദായ പ്രവർത്തകനായിരുന്നു. ശ്രീജയുടെ വീട് തിരുവനന്തപുരം നെടുമങ്ങാട് പാങ്ങോട് എന്ന സ്ഥലത്തെ ഇടക്കോളനിയിലാണ്. അവളുടെ അച്ഛനും സമുദായ പ്രവർത്തകനായിരുന്നു. ഈ സൗഹൃദം കാരണം, ഞങ്ങളുടെ വീട്ടിൽനിന്നുകൊണ്ട് ശ്രീജ ഡി.എം.എൽ.ടി പഠിക്കാൻ പോയി. എപ്പോഴോ ഞങ്ങൾ പ്രണയത്തിലായി. എതാണ്ട് 10 വർഷം പ്രണയിച്ചശേഷമാണ് 2015 മാർച്ച് 18ന് ഞങ്ങൾ കൊട്ടാരക്കര സബ് രജിസ്ട്രാർ മുമ്പാകെ വിവാഹിതരായത്. ഇതോടെ രണ്ടു വീട്ടുകാരും ഞങ്ങളെ ഉപേക്ഷിച്ചു. ഈ നിമിഷംവരെയും അവർ ഞങ്ങളെ തിരിഞ്ഞുനോക്കിയിട്ടില്ല. കൊല്ലം ഫാത്തിമാ കോളജിൽ ബി.എ മലയാളം പൂർത്തിയാക്കിയതാണ്. അസോസിയേഷൻ സെക്രട്ടറിയുമായിരുന്നു. ബി.എ ജയിക്കാനായില്ല. കൊട്ടാരക്കരയിലെ വിജയാ ആശുപത്രിയിൽ അറ്റൻഡർ പണി ചെയ്തു കുറെ കാലം. ഓഹരിയായി കിട്ടിയ 10 സെൻറ് ഭൂമിയിൽ ഞാനും ശ്രീജയും ഒറ്റക്ക് താമസിക്കുന്ന കാലത്താണ് ഞങ്ങൾക്കൊരു കുഞ്ഞ് ജനിക്കാൻ പോകുന്നതെന്ന് അറിഞ്ഞത്. ആ സന്തോഷവുമായാണ് വയറുവേദന പിടിപെട്ട് ശ്രീജയെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ഒറ്റശ്വാസത്തിലെന്ന വണ്ണം ഒഴുക്കു മുറിയാതെ പ്രണയകാലത്തേക്ക് മടങ്ങുകയാണ് സിന്തിൽ.

രോഗം, പരീക്ഷണങ്ങൾ

കൈയിൽ അരപ്പൈസ മിച്ചമില്ലാത്തൊരു ദലിതൻെറ ജീവിതത്തിലേക്ക് അർബുദം കടന്നുവന്നാൽ എന്തൊക്കെ സംഭവിക്കാമോ അതെല്ലാം നടന്നു സിന്തിൽ–ശ്രീജ ദമ്പതികളുടെ ജീവിതത്തിലും. അർബുദമാണെന്ന് ഡോ. സുജാമോൾ ജേക്കബ് എന്നെ അവിടെ വിളിച്ചുവരുത്തി പറഞ്ഞു. പരിശോധനഫലങ്ങളും തന്നു. ആർ.സി.സിയിൽ തുടർചികിത്സ വേണ്ടിവരുമെന്ന് അറിയിച്ചു. അവിടത്തെ ഓങ്കോളജിസ്റ്റ് ഡോ. ലക്ഷ്മി ഹരിദാസിനെ പരിചയപ്പെടുത്തിത്തരുകയും ചെയ്തു. ശ്രീജയെ ഇക്കാര്യം എങ്ങനെ അറിയിക്കുമെന്നറിയാതെ ഞാനാകെ പ്രതിസന്ധിയിലായി. ഉറങ്ങാൻ കഴിയാതെ കിടന്ന രാത്രികളിലൊന്നിൽ ശ്രീജ മൺഭിത്തിയിൽ ചാരിയിരുന്ന് കരയുന്നതു കണ്ടു. അവൾ അറിഞ്ഞിരിക്കുന്നു. ഡി.എം.എൽ.ടി പഠിച്ചയാളായതുകൊണ്ട് റിസൽട്ടും ഡിസ്ചാർജ് കുറിപ്പും വായിച്ചപ്പോൾ അവൾക്ക് മനസ്സിലായി. ഒരുമിച്ച് ജീവനൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചു. അതിനുള്ള വഴികളും കണ്ടെത്തി. പക്ഷേ, പിറ്റേന്ന് ഈശ്വരൻ ഞങ്ങൾക്ക് മുന്നിൽ കൊട്ടാരക്കര കോട്ടാത്തല സ്വദേശിയായ ബാഹുലേയൻ ചേട്ടൻെറ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അത്യാവശ്യം വേണ്ടുന്ന പണവും അർബുദത്തെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും അദ്ദേഹം തന്നു. അങ്ങനെ ഞങ്ങൾ ഈ മഹാരോഗത്തെ നേരിടാനുറച്ച് ആർ.സി.സിയിലേക്ക് പോയി.

കീമോ തെറപ്പിയും മരണം കാക്കുന്ന കുഞ്ഞും

ജൂലൈ മൂന്നിന് ആദ്യ കീമോ എടുത്തു. വീട്ടിൽനിന്ന് പോയിവരാനുള്ള അനുവാദം ആർ.സി.സിയിലെ ഡോക്ടർമാർ തന്നത് അങ്ങേയറ്റം സഹായകമായി. ജൂലൈ 24നും ആഗസ്റ്റ് 18നും തുടർ കീമോകൾ. നാലാമത്തേത് എടുക്കാനായില്ല. ഹീമോഗ്ലോബിൻെറ അളവ് ഗണ്യമായി കുറഞ്ഞതാണ് കാരണം. കീമോ എടുക്കുന്നത് കുഞ്ഞിൻെറ വളർച്ചയെ ബാധിക്കുമെന്നും ആറാം മാസത്തിൽ അബോർഷൻ നടത്തേണ്ടിവരുമെന്നും ഡോക്ടർമാർ അറിയിച്ചു. ഞാനും ശ്രീജയും അതിന് മാനസികമായി തയാറെടുത്തു.

ഈ ഘട്ടത്തിൽ ശ്രീജക്ക് ഒരു മുതിർന്ന സ്ത്രീയുടെ കൈത്താങ്ങുകൂടി വേണ്ടതുണ്ടായിരുന്നു. കോട്ടാത്തലയിൽ ശ്രീജയുടെ വല്യമ്മയുടെ മകൾ പുഷ്പലത ചേച്ചി താമസിക്കുന്നുണ്ട്. ചേച്ചിയും മൂന്ന് മക്കളും ചെങ്ങറ സമരഭൂമിയിലാണ്. ഞങ്ങൾ ചേച്ചിയുടെ വീട്ടിലേക്ക് മാറി. വല്യമ്മ പൊടിച്ചിയും പുഷ്പലത ചേച്ചിയുടെ മൂത്ത രണ്ടും മക്കളും ശ്രീജയെ നോക്കി. ചേച്ചിയുടെ ഭർത്താവും ടാപ്പിങ് തൊഴിലാളിയുമായ സാബുക്കുട്ടൻ എനിക്കൊരു താങ്ങായി. ഇതിനിടെ ആശുപത്രിയിലെ എൻെറ ജോലി പോയി. മേസ്തിരിമാർക്കൊപ്പം മൈക്കാടു ജോലിക്ക് പോയിത്തുടങ്ങി. ഡോ. സുജാമോൾ ജേക്കബും ആർ.സി.സിയിലെ ഡോ. ലക്ഷ്മി ഹരിദാസും ഡോ. രമയും ചേർന്നൊരു തീരുമാനമെടുത്തു. ഗർഭം നശിപ്പിക്കേണ്ട. പോകുന്നതുവരെ പോകട്ടെയെന്ന്. ശ്രീജയുടെ ആത്മവിശ്വാസം ഇക്കാര്യത്തിൽ നിർണായകമാണെന്നും അവർ പറഞ്ഞു.

സൈനുൽ ആബിദീൻ എന്ന അജ്ഞാതൻ; നമ്പരൊട്ട റേഷൻകാർഡ്

കൊല്ലം കാരാളിമുക്ക് സ്വദേശിയായ സൈനുൽ ആബിദീൻ എന്ന വിദേശമലയാളി സിന്തിൽ–ശ്രീജ ദമ്പതികളുടെ ജീവിതത്തിലേക്ക് തണൽ വിരിച്ചെത്തിയതും യാദൃച്ഛികമായാണ്. ചികിത്സക്ക് പണമില്ലാതെ വിഷമിച്ച നാളുകളിലൊന്നിൽ ഇരുവരുടെയും പൊതു സുഹൃത്തും ഫോട്ടോഗ്രാഫറുമായ കൃഷ്ണകുമാറാണ് സിന്തിലിനെപ്പറ്റി സൈനുൽ ആബിദീനോട് പറഞ്ഞത്.

സൈനുൽ ആബിദീൻ വിദേശത്തുനിന്ന് സിന്തിലിനെ വിളിച്ച് വിവരങ്ങൾ ആരാഞ്ഞു. പിറ്റേ ദിവസം 10,000 രൂപ അദ്ദേഹം എനിക്കെത്തിച്ചു തന്നു. പിന്നെയും പലവട്ടം സഹായിച്ചു. ഇന്നും ഞാനദ്ദേഹത്തെ കണ്ടിട്ടില്ല. ഞാൻ ഇക്കായെന്നാണ് വിളിക്കുന്നത്. ഞാനാരാധിക്കുന്ന മഹാദേവൻെറ രൂപമാണ് എൻെറ മനസ്സിൽ ആ ഇക്കാക്കുള്ളത്. ഇക്കായിലേക്ക് എന്നെ എത്തിച്ച കൃഷ്ണകുമാറിൻെറ പ്രണവം സ്റ്റുഡിയോ എൻെറ ശ്രീകോവിലും. കരച്ചിലിൻെറ വക്കോളമെത്തി സിന്തിൽ തിരിച്ചുനടക്കുമ്പോൾ ശ്രീജയുടെ കൺതടത്തിൽ നിന്നുതിർന്ന ഒരു തുള്ളി കണ്ണുനീർ കൈയിലിരിക്കുന്ന ശ്രീശിവയുടെ പള്ളയുടുപ്പിൽ വീണു ചിതറി. ഇവളുടെ പേര് റേഷൻ കാർഡിൽ ചേർത്തു കിട്ടിയാൽ കാരുണ്യയിൽ നിന്ന് സഹായം ലഭിക്കും. എൻേറതും അവളുടെ വീട്ടിലേതും മുൻഗണനാ റേഷൻ കാർഡാണ്. സപ്ലൈ ഓഫിസിൽ അന്വേഷിച്ചപ്പോൾ ഒരുവഴിയുമില്ലെന്നറിഞ്ഞു. കഴിഞ്ഞ നാലുവർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ബ്ലോക്ക് ചെയ്തിരിക്കുന്നതാണ് കാരണം. നിസ്സഹായനായിപ്പോയ ഞാൻ ജില്ല സപ്ലൈ ഓഫിസിലെത്തി ഓഫിസർ ഷാജി കെ. ജോണിനോടും സുപ്രണ്ട് മാത്യുവിനോടും എൻെറ അവസ്ഥ വിശദീകരിച്ചു. അവർ നെടുമങ്ങാട് സപ്ലൈ ഓഫിസർ ലാലുവിനെ വിളിച്ച് ഏതുവിധേനയും ശ്രീജയുടെ പേര് കുറിച്ച് കൊട്ടാരക്കര താലൂക്കിലേക്ക് ഒരു സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഞാൻ പിറ്റേന്നു ചെല്ലുമ്പോൾ എന്നെ കാത്ത് സർട്ടിഫിക്കറ്റ് നെടുമങ്ങാട് സപ്ലൈ ഓഫിസിലുണ്ടായിരുന്നു. അന്ന് ഉച്ചക്കുതന്നെ കൊട്ടാരക്കരയിലെത്തിയപ്പോൾ ഓഫിസർ സ്വന്തം കൈപ്പടയിൽ ശ്രീജയുടെ പേര് എഴുതിച്ചേർത്തു തന്നു. കാരുണ്യയിൽനിന്നുള്ള സഹായവും തുടർന്നു ലഭിച്ചു. കണ്ണുകാണാത്ത സർക്കാർ ചട്ടങ്ങളുടെ കാലം കഴിഞ്ഞെന്ന് അനുഭവസാക്ഷ്യം പറയുകയാണ് സിന്തിൽ.

ശ്രീശിവ ജനിക്കുന്നു

സെപ്റ്റംബർ 15 ന് തിരുവനന്തപുരം എസ്.എ.ടിയിൽ ശ്രീജയെ പ്രവേശിപ്പിച്ചു. ആർ.സി.സിയിൽനിന്നുള്ള ഡോക്ടർമാരുമായി ഡോ. സുജാമോൾ ജേക്കബ് ഓരോ ഘട്ടത്തിലും കൂടിയാലോചിച്ചിരുന്നു. സെപ്റ്റംബർ 26ന് ശ്രീജയെ സർജറിക്ക് വിധേയമാക്കി കുഞ്ഞിനെ പുറത്തെടുത്തു. 2.88 കിലോഗ്രാം ആയിരുന്നു കുഞ്ഞിൻെറ തൂക്കം. അതോടൊപ്പം ശ്രീജയുടെ ഗർഭപാത്രവും അനുബന്ധ ആന്തരികാവയവങ്ങളും നീക്കം ചെയ്തു. കുഞ്ഞിന് ഞങ്ങൾ ശ്രീശിവ എന്ന് പേരിട്ടു. ഒക്ടോബർ 23ന് ആയിരുന്നു അവൻെറ നൂൽകെട്ട്. ശ്രീജക്കെടുത്ത കീമോ കുഞ്ഞിനെ ബാധിച്ചിട്ടുണ്ടോയെന്നറിയാൻ രക്തപരിശോധന നടത്തണം. ആർ.സി.സിയിൽ അവനെ കൊണ്ടുചെല്ലണം. ഒപ്പം ഇനി ശ്രീജക്ക് ഏഴ് കീമോതെറപ്പികൾകൂടി വേണം. അതിൽ ആദ്യത്തേത് ചെയ്യേണ്ട സമയം കഴിഞ്ഞു. പോകാനായില്ല. മഹാരോഗത്തിൻെറ നീരാളി വേരുകൾ ശ്രീജയിൽ ഇനിയും ശേഷിക്കുന്നുണ്ടെന്ന തിരിച്ചറിവിലാണ് ഡോക്ടർമാർ. അവയെ അറുത്തുമാറ്റാനുള്ള തുടർചികിത്സ ഇന്നലെയോളം നടത്തിയതിലും സങ്കീർണമാണ്. പ്രണയവും രോഗവും ജീവിതവും ഇഴചേരുന്ന ഇവരുടെ ചെറിയ ലോകത്ത് ഇനിയെന്തെല്ലാമാണ് കാലം ബാക്കി വെച്ചിരിക്കുന്നതെന്ന് കാത്തിരുന്നുതന്നെ കാണണം. ഒടിഞ്ഞു കമ്പിയിട്ടിരിക്കുന്ന വലം കാലുമായി സിന്തിൽ ഇനിയുമൊരുപാട് ഓടണം. തളരാതെ... പതറാതെ... ●